(ഡി) കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 അനധികൃത ആനക്കൊമ്പ് വ്യാപാരക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ 7 എണ്ണം കോടതിയിൽ ചാർജ്ജ് ചെയ്യുകയും 2 എണ്ണം കണ്ടുകെട്ടലിന് വിധേയമാക്കുകയും 12 കേസ്സുകളിൽ അന്വേഷണം നടക്കുകയും ചെയ്യുന്നു.

(ഇ) ആനക്കൊമ്പിന്റെ ക്രയവിക്രയം നിയമവിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(എഫ്) ആനക്കൊമ്പിന്റെ ക്രയവിക്രയം നിയമവിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ നടപടികളൊന്നുംതന്നെ സ്വീകരിക്കുവാൻ കഴിയുകയില്ല.

സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ കേന്ദ്രങ്ങൾ

128 [3002] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെയും സ്ഥാപനങ്ങളുടെയും വിശദവിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന സായ്കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്താമോ;

(ഡി) ബാസ്ക്കറ്റ് ബാളിന് പ്രാധാന്യമുള്ള തലശ്ശേരി സായ്കേന്ദ്രത്തിൽ പ്രാഗത്ഭ്യമുള്ള ഒരു കോച്ചില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്പോഴുള്ള താൽക്കാലിക കോച്ച് ശ്രീ. മുഹമ്മദ് അഷ്റഫിനെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച് കേന്ദ്രങ്ങൾ.

(ബി) വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

കോഴിക്കോട്	..	സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ട്രെയിനിംഗ് സെന്റർ
ആലപ്പുഴ	..	വാട്ടർ സ്പോർട്ട്സ് സെന്റർ
തൃശ്ശൂർ	..	എസ്.പി.ഡി.എ. സെന്റർ
കണ്ണൂർ	..	ജിംനാസ്റ്റിക് സെന്റർ, തലശ്ശേരി
കൊല്ലം	..	എസ്.പി.ഡി.എ. സെന്റർ

LIBRARY ARCHIVES Kerala Legislative Assembly